# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 118 11/07/2016 ൽ മറുപടി

**പാഠപുസ്തകങ്ങളുടെ അച്ചടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. വി. ജോയി<br>ശ്രീ. എം. നൗഷാദ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പുസ്തകമില്ലാതെ വിദ്യാർത്ഥികൾ പഠിക്കാനിടയായ സാഹചര്യം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | കഴിഞ്ഞ വർഷത്തെ അപാകതകൾ പരിഹരിച്ച് ഈ അദ്ധ്യയനവർഷം വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തക വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ പേപ്പറും മറ്റ് സാമഗ്രികളും വാങ്ങി അച്ചടി പൂർത്തീകരിച്ച് വിതരണം നിർവ്വഹിക്കുന്നതിന് 2016-17 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കെ.ബി.പി.എസ്. നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ വർഷം സ്കൂൾ തുറക്കുമ്പോൾ തന്നെ ഒന്നാംഘട്ട പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം കെ.ബി.പി.എസ്. ഒരുക്കിയിരുന്നു. അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി വകുപ്പ് തലത്തിൽ അവലോകനം ചെയ്തുവരുന്നുണ്ട്.<br><br>ഈ വർഷം ഓൺ ലൈൻ ആയി ഇന്റന്റ് സമർപ്പിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു പാഠപുസ്തകങ്ങളുടെ 90 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 70 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കുന്നതിനോടൊപ്പം ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുൻകാലങ്ങളിൽ സീആപ്റ്റിൽ അച്ചടിച്ചിരുന്ന പാഠപുസ്തകങ്ങൾ സ്വകാര്യ പ്രിന്റിംഗ് പ്രസ്സിലേക്ക് മാറ്റാനിടയായ സാഹചര്യം വ്യക്തമാക്കുമോ ; | (സി) | 2008-09 മുതൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് സർക്കാർ സി-ആപ്റ്റ് നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2016-17 വർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകം അച്ചടിക്കുന്നതിന് സി-ആപ്റ്റ് നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2016-17 അദ്ധ്യയനവർഷത്തിൽ സി-ആപ്റ്റ് ന്റെ ശേഷിക്കതീതമായ പുസ്തകങ്ങൾ അച്ചടിക്കാൻ യോഗ്യരായവരിൽ നിന്നും ഇ-ടെന്റർ ക്ഷണിച്ചിരുന്നെങ്കിലും ചില സാങ്കതിക കാരണങ്ങളാൽ ഇ-ടെന്റർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്. വഴി അച്ചടിച്ച നൽകുവാൻ സി-ആപ്റ്റിനു നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇതുമൂലം സംസ്ഥാനത്തിനുണ്ടായ അധിക സാമ്പത്തിക ബാധ്യത വിലയിരുത്തിയിട്ടുണ്ടോ ? എങ്കിൽ വെളിപ്പെടുത്തുമോ ; | (ഡി) | അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടില്ല. |
| (ഇ) | പാഠപുസ്തകങ്ങളുടെ അച്ചടി കൃത്യ സമയത്ത് നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) | പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസവും യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതു കൊണ്ടുള്ള പ്രയാസങ്ങളും കൊണ്ടാണ് പാഠപുസ്തക അച്ചടിയും വിതരണവും നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ പൂർത്തിയാക്കാൻ കഴിയാതെ വരുന്നത്. ആയത് കണക്കിലെടുത്ത് പേപ്പർ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ച്, 2016-17 മുതൽ 2 വർഷത്തേക്ക് പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലേക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി നിരന്തരം അവലോകനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. യഥാസമയം പ്രിന്റ് ഓർഡർ കെ.ബി.പി.എസ്. ന് നൽകുന്നതിനുള്ള കർശന നിർദ്ദേശം ടെക്സ്റ്റ് ബുക്ക് ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2016-17 അധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം അധ്യയനവർഷാരംഭത്തിന് മുമ്പ് തന്നെ പൂർത്തിയാക്കണമെന്ന് സി-ആപ്റ്റിനു നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ